**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3237** **13-07-2022 - ൽ മറുപടിയ്ക്ക്**

**നൈപുണി പോഷണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നൈപുണി പോഷണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലുള്ള 104 ഐ.ടി.ഐകളിൽ 77 ഓളം ട്രേഡുകളിലായി പരിശീലനാർത്ഥി കൾക്ക് വ്യാവസായിക പരിശീലനം നൽകി വരുന്നു. കൂടാതെ കൂടുതൽ ഇൻഡസ്ട്രിയൽ എക്സ്പീരിയൻസ് ലഭിക്കുന്നതിനായി ഓൺ ദി ജോബ് ട്രെയിനിങ്ങും നടത്തുന്നുണ്ട്. ഇത് കുട്ടികളിലെ നൈപുണ്യ ശേഷി മെച്ചപ്പെട്ട രീതിയിൽ കൊണ്ടുവരുന്നതിന് ഉതകുന്നുണ്ട്. ഐ.ടി.ഐ കളിലെ നിലവിലുള്ള പ്രൊഡക്ഷൻ സെന്റർ വഴിയും പരിശീലനാർത്ഥികൾക്ക് നൈപുണ്യ വികസനം ലഭിക്കുന്നതിന് അവസരം ഉണ്ട്. റഗുലർ പഠനത്തിനു പുറമെ അഡ്വാൻസ്ഡ് ട്രെയിനിംഗ് ലഭിക്കുന്നതിനുവേണ്ടി ഷോർട്ട് ടേം കോഴ്സുകളും നടത്തുന്നുണ്ട്. പരിശീലനാർത്ഥികളുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എല്ലാ ഐ.ടി.ഐകളിലും പ്ലേസ്മെന്റ് സെൽ പ്രവർത്തിച്ചുവരുന്നു. മുഴുവൻ സമയവും പ്ലേസ്മെന്റ് സെൽ വഴി റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തും ഉള്ള കമ്പനികൾ പ്ലേസ്മെന്റ് സെല്ലുമായി ബന്ധപ്പെടുകയും കാമ്പസ് റിക്രൂട്ട്മെന്റ് വഴി കുട്ടികളെ സെലക്ട് ചെയ്യും വരുന്നു. |
| (ബി) | കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിലായി സംസ്ഥാനത്ത് നിലവിൽ 7 കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് എവിടെയെല്ലാം ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | | വ്യാവസായിക പരിശീലന വകുപ്പിൽ 2022 മാർച്ച് 8 മുതൽ 11 വരെയുള്ള തീയതികളിൽ 14 ജില്ലകളിലേയും നോഡൽ ഐ.ടി.ഐകളിൽ (ആറ്റിങ്ങൽ, ചന്ദനത്തോപ്പ്, ഏറ്റുമാനൂർ, ചെന്നീർക്കര, ചെങ്ങന്നൂർ, കട്ടപ്പന, കളമശ്ശേരി, ചാലക്കുടി, അരീക്കോട്, കോഴിക്കോട്, മലമ്പുഴ, കൽപ്പറ്റ, കണ്ണൂർ, കാസറഗോഡ്) വച്ച് ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE)ന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ഇതുവരെ 14 ജില്ലകളിലും ജില്ലാഭരണകൂടത്തിന്റെയും ജില്ലാ സ്കിൽ കമ്മിറ്റിയുടെയും സഹായത്തോടെ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതുവഴി 3,133 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി നിയുക്തി 2021 എന്ന പേരിൽ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 14 ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട് . |
| (ഡി) | മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ ജോബ് ഫെയർ, പ്ലേയ്സ് മെന്റ് ഡ്രൈവ് എന്നിവ കൂടുതലായി സംഘടിപ്പിച്ച് തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാൻ ശ്രമിക്കുമോ; വിശദമാക്കുമോ? | (ഡി) | മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകളിൽ എല്ലാവർഷവും ജോബ് ഫെയർ സംഘടിപ്പിക്കുകയും കമ്പനികൾ പ്ലേസ്മെന്റ് നടത്തുകയും ചെയ്യുന്നുണ്ട്. ഈ മേഖലയിലുള്ള എല്ലാ ഐ.ടി.ഐ കളിലും പ്ലേസ്മെന്റ് സെൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള കമ്പനികൾ ക്യാമ്പസ്സിൽ വന്നു റിക്രൂട്ട്മെന്റ് നടത്തുകയും പരിശീലനാർത്ഥികളെ സെലക്ട് ചെയ്യാറു മുണ്ട്. മലയോരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ, ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചി നോടൊപ്പം എംപ്ലോയബിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. അത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഉദ്യോഗാർഥി കൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകാവുന്നതും, ഇപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററു കൾ വഴി അവസരം ലഭിക്കുകയും ചെയ്യും. കൂടാതെ ഗ്രാമീണ മേഖലയിൽ ഇത്തരം സേവനങ്ങൾ നൽകുന്നതിന് കൊട്ടാരക്കര കേന്ദ്രമായി പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് |

| | | | |
|---|---|---|---|
| | | | സെന്ററിന്റെ സേവനം പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾ ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. ഭാവിയിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുമ്പോൾ മലയോരപ്രദേശങ്ങളി ലുള്ളവർക്ക് പ്രത്യേക പരിഗണന നല്കാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ